13015
6/12/14

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി പരിശീലനം - സൂപ്പർവൈസർമാർക്ക് കമ്പ്യൂട്ടർ പരിശീലനം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 702/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 27.11.2014.

==========================================================================

പരാമർശം:- 1. കേന്ദ്ര ഗവൺമെന്റിന്റെ 30.07.2014-ലെ 1-11/2014-റ്റി.ആർ നമ്പർ കത്ത്.

2. സാമൂഹ്യനീതി ഡയറക്ടറുടെ 10.09.2014-ലെ ഐ.സി.ഡി.എസ്./ എ4-9011/14 നമ്പർ കത്ത്.

## ഉത്തരവ്

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന്റെ കീഴിൽ കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന മിഡിൽ ലെവൽ ട്രെയിനിംഗ് സെന്റർ മുഖേന സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തുന്നതിന് അനുമതി തേടിക്കൊണ്ടുള്ള പ്രൊപ്പോസലിൽ 2014-15 സാമ്പത്തിക വർഷത്തിൽ 8.07 ലക്ഷം രൂപയുടെ ബജറ്റിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത പരിശീലനത്തിനാവശ്യമായ 8.07 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ '2235-02-102-59 പ്ലാൻ' ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യനീതി വകുപ്പിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് മൂന്ന് ദിവസത്തെ കമ്പ്യൂട്ടർ പരിശീലനം നടത്തുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും നടപ്പ് സാമ്പത്തിക വർഷത്തിലെ '2235-02-102-59 (പി)' ശീർഷകത്തിൽ നിന്നും ഇതിനാവശ്യമായ 8.07 ലക്ഷം രൂപ (എട്ട് ലക്ഷത്തി ഏഴായിരം രൂപ) അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എൻ.ബി.കോമളവല്ലി അമ്മ**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (07.11.2014-ലെ അനൗദ്യോഗിക കുറിപ്പ് 86877/ഡബ്ല്യൂ.ഡബ്ല്യൂ.3/ 14/ഫിൻ പ്രകാരം)
✓വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Jayasree

സെക്ഷൻ ഓഫീസർ.